നമ്പർ:എം.റ്റി.(3)5317/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തിയതി: 23.01.2009

## സർക്കുലർ നമ്പർ- 03/09

വിഷയം: സഹകരണവകുപ്പ് - സംസ്ഥാനത്തെ സഹകരണ വിദ്യാഭ്യാസ സംഘങ്ങളിലെ/സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സംസ്ഥാനതല യുവജനോത്സവം സംഘടിപ്പിക്കുന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.01.09 ന് തിരുവനന്തപുരത്ത് വച്ചു കൂടിയ യോഗതീരുമാനം.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ സഹകരണ വിദ്യാഭ്യാസ സംഘങ്ങളിലെയും/സ്ഥാപനങ്ങളിലേയും (സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന സഹകരണ പരിശീലന കേന്ദ്രങ്ങൾ/കോളേജുകൾ എന്നിവ ഒഴികെ) വിദ്യാർത്ഥികളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ 2009 ഫെബ്രുവരി 27,28 എന്നീ തിയതികളിൽ കാസർഗോഡ് ജില്ലയിലെ ഉദുമയിൽ വച്ച് യുവജനോത്സവം നടത്തുവാൻ ബഹുമാനപ്പെട്ട സഹകരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.01.2009 ന് തിരുവനന്തപുരത്ത് വച്ച് നടത്തിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യുവജനോത്സവത്തിന്റെ നടത്തിപ്പിലേയ്ക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി.എസ്.അച്യുതാനന്ദൻ, ആഭ്യന്തരവകുപ്പ് മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ, സഹകരണവകുപ്പ് മന്ത്രി ശ്രീ.ജി.സുധാകരൻ, ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ എന്നിവർ രക്ഷാധികാരികളും. ശ്രീ.കെ.വി. കുഞ്ഞിരാമൻ എം.എൽ.എ ചെയർമാനും കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ഡയറക്ടർ വർക്കിംഗ് ചെയർമാനും, ശ്രീ. പി.രാഘവൻ എക്സ് എം.എൽ.എ കൺവീനറും സഹകരണസംഘം രജിസ്ട്രാർ അഡ്വൈസറും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ ചെയർമാൻ, സഹകരണസംഘം അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ), കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് എന്നിവർ അംഗങ്ങളും കാസർഗോഡ് ജില്ലാ സഹകരണസംഘം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ട്രഷററും ആയുള്ള ഒരു സ്വാഗതസംഘം എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ശ്രീ.പി.രാഘവൻ എക്സ് എം.എൽ.എ ചെയർമാനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

എല്ലാ ജനറൽ വിഭാഗം ജില്ലാ ജോയിന്റ് രജിസ്ട്രാർമാരും അവരുടെ ജില്ലയിൽ പ്രവർത്തിച്ചു വരുന്ന എല്ലാ സഹകരണ വിദ്യാഭ്യാസ സംഘങ്ങൾക്കും/ സ്ഥാപനങ്ങൾക്കും (സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ പരിശീലന സെന്റർ/കോളേജുകൾ എന്നിവ ഒഴികെ ) യുവജനോത്സവം

സംബന്ധിച്ച അറിയിപ്പ് നൽകി യുവജനോത്സവത്തിൽ പരമാവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ടി വിഷയം സംബന്ധിച്ച് കമ്മിറ്റി പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം ടി സ്ഥാപനങ്ങളെ അറിയിക്കേണ്ടതുമാണ്. ഫെബ്രുവരി 12 ന് മുൻപായി കോളേജുതല മത്സരങ്ങൾ നടത്തി ഫെബ്രുവരി 15 ന് മുൻപായി വിജയികളുടെ പേരുവിവരം സ്വാഗത സംഘം കൺവീനറെ അറിയിക്കേണ്ടതുമാണ്. 32 വിവിധ ഇനങ്ങളിൽ മത്സരം സംഘടിപ്പിക്കുന്നുണ്ട്. അതോടൊപ്പം യുവജനോത്സവവിജയികൾക്ക് സഹകരണ സ്ഥാപനങ്ങൾ അവരുടെ പേരിൽ ട്രോഫികൾ നൽകാൻ സന്നദ്ധമാണെന്ന് ചർച്ചയിൽ ഉരുത്തിരിഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ട്രോഫികൾ സ്പോൺസർ ചെയ്യാൻ താൽപര്യമുള്ള ജില്ലയിലെ സഹകരണസ്ഥാപനങ്ങൾക്ക് ട്രോഫികൾ സ്പോൺസർ ചെയ്യുന്നതിനെ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം നൽകേണ്ടതും; ട്രോഫികൾ, സ്റ്റിയറിംഗ് കമ്മിറ്റിയെ ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മത്സരങ്ങൾ സംബന്ധിച്ച് സ്റ്റിയറിംഗ് കമ്മിറ്റി നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാഭ്യാസ സഹകരണ സംഘങ്ങളെ യഥാസമയം അറിയിക്കുന്നതിനും, സഹകരണ മേഖലയിൽ ആദ്യമായി നടത്തുന്ന യുവജനോത്സവം വിജയകരമായി നടത്തുന്നതിനും, ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്,

റാണിജോർജ്ജ് ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
2. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ്, പരിയാരം
3. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്)
4. കേരളാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷൻ
5. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്,
6. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും
8. പ്രസിഡന്റ്/ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്
9. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
10. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എച്ച്.വി./എം.റ്റി സെക്ഷൻ)